I/389495/2023

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം

(നിലവിൽ: ശിവശങ്കരൻ .കെ.പി )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഐ.ടി. സെല്ലിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ഒരു വർഷക്കാലയളവിലേക്ക് കരാർ നിയമനം - ഉത്തരവാകുന്നു

പരാമർശം:- 1. സ.ഉ (കൈ ) നം. 94/2017/തൊഴിൽ തീയതി:31.10.2017.

2. 24.05.2023 തീയതിയിലെ .ഡി.റ്റി/2465/2023-A6 നമ്പരായ വിജ്ഞാപനം

**ഉത്തരവ് നമ്പർ: ഡി.റ്റി/2465/2023-എ6 തീയതി: 21-06-2023**

ഒന്നാം പരാമർശ പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ ഐ.ടി. സെല്ലിൽ കരാർ നിയമനം നടത്തണമെന്ന വ്യവസ്ഥയിൽ രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ടി തസ്തികയിലേയ്ക്ക് നിയമനത്തിനായി രണ്ടാം പരാമർശ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും **06.06.2023** തീയതിയില് അഭിമുഖത്തിനു ഹാജരായ ഉദ്യോഗാർത്ഥികളിൽ താഴെപ്പറയുന്ന ഉദ്യോഗാർത്ഥികൾ ഒന്നും രണ്ടും റാങ്കുകൾ കരസ്ഥമാക്കുകയും ചെയ്തിരുന്നു.

| ക്രമ നം | പേരും മേൽവിലാസവും | അച്ഛന്റെ പേര് | ജനനതീയതി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1 | ശ്രീമതി.ശ്രീലക്ഷ്മി .എം.ആര് ശ്രീമംഗലം , എലിയവൂർ കണ്ടയത്തുകോണം , പുതുകുളങ്ങര പി.ഒ , തിരുവനന്തപുരം-695541 | എ.രാധാകൃഷ്ണന് നായർ | 20.05.1993 | NTC in CO&PA<br>MA Malayalam |
| 2 | ശ്രീമതി.സിന്ധുജ എസ് നായര് പുളവല് പുത്തൻ വീട് , പട്ടത്തിൻകര , തോന്നക്കൽ പി.ഒ , തിരുവനന്തപുരം-695317 | സിന്ധുകുമാര്.ബി | 05.12.1996 | NTC in CO&PA |

മേൽ സാഹചര്യത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് നിലവിൽ ട്രെയിനിംഗ് ഡയറക്ടറേറ്റിലെ ഐ.ടി സെല്ലിലുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷക്കാലയളവിലേക്ക് പ്രതിമാസം 21,175/- രൂപ (ഇരുപത്തി ഒന്നായിരത്തി ഒരുനൂറ്റി എഴുപത്തി അഞ്ചു രൂപ മാത്രം) വേതന നിരക്കിൽ കരാറടിസ്ഥാനത്തിൽ നിയമനം നൽകി ഉത്തരവാകുന്നു.

ടി ഉദ്യോഗാർത്ഥികൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ സേവനത്തിൽ പ്രവേശിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ മുൻപാകെ ഹാജരാകേണ്ടതാണ്. യഥാസമയം സേവനത്തിൽ പ്രവേശിച്ചില്ല എങ്കിൽ ഈ നിയമന ഉത്തരവ് മറ്റൊരറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതാണ്. ടി ഉദ്യോഗാർത്ഥികൾക്ക് ഓരോ മാസവും ഒരു ദിവസത്തെ കാഷ്വൽ ലീവിന് അർഹതയുണ്ട്. ഒരു മാസത്തിൽ ഒന്നിൽ കൂടുതൽ ലീവ് എടുത്താൽ ആനുപാതികമായി വേതനത്തിൽ കുറവ് വരുത്തുന്നതാണ്. ടി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ ജോലി സമയം 10.15 am മുതല് 05.15 pm വരെ ആയിരിക്കും. അടിയന്തിര പ്രാധാന്യമുള്ള ജോലികള് നിർവ്വഹിക്കേണ്ട ഘട്ടങ്ങളിൽ മാനേജർ ഇ-ഗവേർണൻസ് നിർദ്ദേശിക്കുന്ന അധിക സമയ ജോലികളും വീഴ്ചകൂടാതെ നിർവ്വഹിക്കേണ്ടതാണ്.

ഈ നിയമനം തികച്ചും താൽക്കാലികമായിരിക്കുന്നതും കരാർ കാലാവധി പൂർത്തിയാക്കുന്ന മുറക്ക് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്.

സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത് ഈ ഉത്തരവ്, വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ അസ്സലുകളും പകർപ്പും ലഭ്യമാക്കേണ്ടതാണ്. ആയതിനു പുറമെ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന സമ്മത പത്രം ഉദ്യോഗാർത്ഥിയുടെ പേരിൽ വാങ്ങിയ 200/- രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കി നൽകേണ്ടതാണ്.

(ഒപ്പ്)
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് -

ശ്രീമതി.ശ്രീലക്ഷ്മി .എം.ആർ
ശ്രീമംഗലം , എലിയവൂർ കുണ്ടയത്തുകോണം ,
പുതുകുളങ്ങര പി.ഒ , തിരുവനന്തപുരം-695541

ശ്രീമതി.സിന്ധുജ എസ് നായർ
പുതുവൽ പുത്തൻ വീട് , പട്ടത്തിൻകര ,
തോന്നക്കൽ പി.ഒ ,
തിരുവനന്തപുരം-695317

പകർപ്പ് :- മാനേജർ , ഇ ഗവേർണൻസ് , ഐ.ടി സെൽ , ട്രെയിനിംഗ് ഡയറക്ടറേറ്റ്
കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്